പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1355 02.05.2017-ലെ മറുപടിക്ക്

## കെ. എസ്. ആർ. ടി. സി. സർവ്വീസുകൾ റദ്ദ് ചെയ്ത നടപടി

ചോദ്യം
ശ്രീ. എൻ.എ. നെല്ലിക്കുന്ന്

ഉത്തരം
ശ്രീ. തോമസ് ചാണ്ടി
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അന്തർ സംസ്ഥാന സർവ്വീസ് അടക്കം എത്ര കെ.എസ്.ആർ. ടി.സി. സർവ്വീസുകൾ റദ്ദ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; പ്രസ്തുത സർവ്വീസുകൾ പുന:സ്ഥാപിച്ചിട്ടുണ്ടെങ്കിൽ എപ്പോഴാണെന്ന് വ്യക്തമാക്കുമോ; | (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ദീർഘകാലമായി ഓപ്പറേറ്റ് ചെയ്യാതിരുന്ന 443 സർവ്വീസുകൾ റദ്ദ് ചെയ്തിട്ടുണ്ട്. ഇതിൽ 2015-16 കാലയളവിൽ 30 സർവ്വീസും, 2016-17 കാലയളവിൽ 42 സർവ്വീസുകളും പുനസ്ഥാപിച്ചിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അന്തർ സംസ്ഥാന സർവ്വീസടക്കം എത്ര സർവ്വീസുകൾ റദ്ദ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത സർവ്വീസുകളിൽ ഏതെങ്കിലും പുന:സ്ഥാപിച്ചിട്ടുണ്ടോ? | (ബി) | 123 സർവ്വീസുകൾ റദ്ദ് ചെയ്തിട്ടുണ്ട്. ഇതിൽ 17 എണ്ണം പുനസ്ഥാപിച്ചിട്ടുണ്ട്. |
| (സി) | സർവ്വീസുകൾ റദ്ദ് ചെയ്യാനുള്ള കാരണം വ്യക്തമാക്കുമോ? | (സി) | യാത്രക്കാരുടെ കുറവ് മൂലം നിശ്ചിത വരുമാനം ലഭിക്കാത്തതും, ജീവനക്കാരുടെ കുറവ് മൂലവും സർവ്വീസുകൾ റദ്ദ് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ